**പതിനാലാം കേരളനിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 817**

**11.07.2016 ലെ മറുപടിയ്ക്ക്**

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം നൽകാൻ നടപടി

**ചോദ്യം**

ശ്രീ.എൽദോ എബ്രഹാം

(എ) 2011 – ൽ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജ് പ്രകാരം സ്ഥിരം നിയമനം ലഭിച്ചതും എന്നാൽ മുൻകാലങ്ങളിൽ നിയമനാംഗീകാരം ലഭിച്ചതുമായ എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് 2011 ജൂൺ 1 ന് മുമ്പ് ജോലി ചെയ്ത കാലയളവിലെ ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ സ്ഥിതിയും ശമ്പള കുടിശ്ശിക എന്നത്തേക്ക് നൽകാൻ കഴിയുമെന്നുള്ള വിശദാംശവും വെളിപ്പെടുത്താമോ;

(സി) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയ ഉത്തരവിൽ 2011 ജൂൺ 1-ന മുമ്പ് നിയമനം ലഭിച്ച് ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ ശമ്പളം നൽകുന്നതിന വേണ്ടി കെ.ഇ.ആർ ഭേദഗതി വരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ?

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും

01/10/11 ലെ സ.ഉ. (പി) നം. 199/11/പൊ.വി.വ പ്രകാരമുള്ള അദ്ധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ 01/06/2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകരുടെ മുൻ സർവ്വീസ് കാലയളവ് യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ലെന്നും, അവരുടെ സേവനം 01/06/11 മുതൽ പുതിയതായി ആരംഭിച്ചതായി കണക്കാക്കണമെന്നും വ്യവസ്ഥ ചെയ്ത് 16.08.2014 ലെ SRO. No. 488/14 വിജ്ഞാപനത്തിലൂടെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXIII, ചട്ടം '12 (2) e' യിൽ ഭേദഗതി വരുത്തിയിരുന്നു. എന്നാൽ ഈ ചട്ടം ബഹു. ഹൈക്കോടതി റിട്ട് പെറ്റീഷൻ നമ്പർ 27814/2014 ൽ 26/02/2016 ന് പുറപ്പെടുവിച്ച വിധി ന്യായത്തിലൂടെ റദ്ദ് ചെയ്തിട്ടുണ്ട്. കൂടാതെ 6.8.15 ലെ സ.ഉ. (പി) നം. 213/2015/പൊവിവ പ്രകാരം അദ്ധ്യാപക പാക്കേജ് ഉത്തരവു അനുബന്ധ ഉത്തരവുകളും പിൻവലിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ